**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2151** **09-02-2023 - ൽ മറുപടിയ്ക്ക്**

**ക്യാൻസർ രോഗികൾക്കുള്ള പെൻഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മഞ്ഞളാംകുഴി അലി | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ക്യാൻസർ രോഗികൾക്ക് പ്രതിമാസം എത്ര രൂപയാണ് പെൻഷനായി നൽകി വരുന്നത്; ഏറ്റവും ഒടുവിൽ തുക വർദ്ധിപ്പിച്ചത് എന്നാണ്; വ്യക്തമാക്കുമോ; | (എ) | **നിലവിൽ ക്യാൻസർ രോഗികൾക്കുള്ള പെൻഷനായി പ്രതിമാസം 1000/- രൂപ നൽകിവരുന്നുണ്ട്. 10/07/2014 തീയതിയിലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 2352/2014/ ആ.ക.വ പ്രകാരമാണ് ക്യാൻസർ രോഗികൾക്കുള്ള പെൻഷൻ പ്രതിമാസം 1000/- രൂപയായി ഏറ്റവും ഒടുവിൽ വർദ്ധിപ്പിച്ചിട്ടുള്ളത്.** |
| (ബി) | മറ്റ് സാമൂഹ്യക്ഷേമ പെൻഷനുകളിൽ വർദ്ധനവ് നടത്തിയപ്പോൾ സമാനമായി ക്യാൻസർ രോഗികൾക്കുള്ള പെൻഷൻ വർദ്ധിപ്പിച്ചിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്തുകൊണ്ടാണ് പെൻഷൻ വർദ്ധന എന്ന ആവശ്യം പരിഗണിക്കാതിരുന്നത്; വ്യക്തമാക്കുമോ; | (ബി) | ക്യാൻസർ രോഗികളുടെ പെൻഷൻ 1000/- രൂപയിൽ നിന്നും വർദ്ധിപ്പിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചു വരുന്നു. |
| (സി) | ഭാരിച്ച ചികിത്സാച്ചെലവുകൾ കാരണം നിർദ്ധനരായ രോഗികൾ വളരെയധികം പ്രയാസപ്പെടുന്ന സാഹചര്യത്തിൽ പെൻഷൻ തുക വർദ്ധിപ്പിച്ച് നൽകുന്ന കാര്യം അനുഭാവപൂർവ്വം പരിഗണിയ്ക്കുമോയെന്ന് അറിയിക്കുമോ; | (സി) | ക്യാൻസർ രോഗികളുടെ പെൻഷൻ 1000/- രൂപയിൽ നിന്നും വർദ്ധിപ്പിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചു വരുന്നു. |
| (ഡി) | പെരിന്തൽമണ്ണ താലൂക്കിന് കീഴിൽ നിലവിൽ എത്ര പേർക്ക് പെൻഷൻ ലഭിയ്ക്കുന്നുണ്ട്; പെൻഷൻ വിതരണത്തിൽ കുടിശ്ശികയുണ്ടോ; എങ്കിൽ അടിയന്തരമായി കുടിശ്ശിക വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ; പുതിയതായി പെൻഷൻ ലഭിയ്ക്കുന്നതിന് എത്ര അപേക്ഷകൾ സമർപ്പിച്ചിട്ടുണ്ട്; അപേക്ഷ സമർപ്പിച്ച എത്ര പേർക്ക് പെൻഷൻ അനുവദിക്കാൻ അവശേഷിക്കുന്നുണ്ട്; വ്യക്തമാക്കുമോ? | (ഡി) | മലപ്പുറം ജില്ലയിലെ പെരിന്തൽമണ്ണ താലൂക്കിന് കീഴിൽ 680 പേർക്ക് പെൻഷൻ വിതരണം ചെയ്തു വരുന്നുണ്ട്. ഓൺലൈൻ അപേക്ഷകരായ 408 പേർക്ക് 2023 ജനുവരി വരെയുള്ള കുടിശ്ശിക തീർത്ത് പെൻഷൻ വിതരണം നടത്തിയിട്ടുണ്ട്. മാന്വൽ അപേക്ഷകരായ 272 പേർക്ക് 2022 ഡിസംബർ വരെയുള്ള പെൻഷൻ കുടിശ്ശിക തീർത്ത് വിതരണം ചെയ്തിട്ടുണ്ട്. പുതിയതായി ലഭിച്ച 62 അപേക്ഷകളിൻമേൽ പെൻഷൻ അനുവദിക്കുന്ന വിഷയം പരിശോധിച്ചുവരുന്നു |

സെക്ഷൻ ഓഫീസർ